''ഭരണഭാഷ-മാതൃഭാഷ''

നമ്പർ. എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 03-06-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ സംസ്ഥാന, ജില്ലാ 'സമന്വയ' നോഡൽ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - തസ്തികനിർണയം 2019-20 - ''സമന്വയ'' സോഫ്റ്റ്‌വെയർ പരിശീലനം സംബന്ധിച്ച്

സൂചന : 1) 31-05-2019 ലെ സ.ഉ (കൈ) നമ്പർ 51/2019/പൊ.വി.വ
2) ഈ കാര്യാലയത്തിൽ നിന്നുള്ള 20-03-2019 ലെ കത്ത് നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണയവും എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും ''സമന്വയ'' സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി നിർവഹിക്കാൻ സൂചന (1) ലെ ഉത്തരവ് വഴി സർക്കാർ നിർദേശിച്ചിരിക്കുകയാണ്. ''സമന്വയ''യിലെ നിയമനാംഗീകാരം സംബന്ധിച്ച മൊഡ്യൂളിന്റെ പരിശീലനം സംസ്ഥാനത്താകമാനം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിലെ തസ്തിക നിർണയം സംബന്ധിച്ച മൊഡ്യൂളും ഇപ്പോൾ പ്രവർത്തനക്ഷമമായിരിക്കുകയാണ്. ആയതിനാൽ ഈ മൊഡ്യൂളും വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് പരിചയപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി താഴെപറയുന്ന സ്ഥലങ്ങളിൽ വെച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ നിർദിഷ്ട ജീവനക്കാർ പങ്കെടുക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥലം | തീയതി | പങ്കെടുക്കേണ്ടവർ |
|---|---|---|---|
| 1 | സെന്റ് മൈക്കിൾസ് എ.ഐ.എച്ച്.എസ് കണ്ണൂർ (കണ്ണൂർ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നിന്ന് 1 കി.മീ ദൂരം) | 08-06-2019 (രണ്ടാംശനി) രാവിലെ 10 മുതൽ വൈകീട്ട് 5 വരെ | 1) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ഓരോ ക്ലാർക്കുമാർ<br>2) ടി. ജില്ലകളിൽ നിന്നുള്ള എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും |

| | | | |
|---|---|---|---|
| | | | 3) എല്ലാ സംസ്ഥാന നോഡൽ ഓഫീസർമാരും<br>4) ടി. ജില്ലകളിൽ നിന്നുള്ള ഓരോ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ<br>5) ടി. ജില്ലകളിലെ ഡി.ഡി.ഇ ഓഫീസുകളിൽ നിന്നുള്ള ഒരു ക്ലാർക്ക് (എയ്ഡഡ് സ്കൂൾ വിഭാഗം) |
| 2 | കൈറ്റ് ജില്ലാ റിസോഴ്സ് സെന്റർ (ഡി.ആർ.സി) ഡി.പി.ഐ ജംഗ്ഷൻ, ജഗതി, തിരുവനന്തപുരം | 10-06-2019 രാവിലെ 10 മുതൽ വൈകീട്ട് 5 വരെ | 1) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ഓരോ ക്ലാർക്കുമാർ<br>2) ടി. ജില്ലകളിൽ നിന്നുള്ള എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും<br>3) ടി. ജില്ലകളിൽ നിന്നുള്ള ഓരോ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ<br>4) ടി. ജില്ലകളിലെ ഡി.ഡി.ഇ ഓഫീസുകളിൽ നിന്നുള്ള ഒരു ക്ലാർക്ക് (എയ്ഡഡ് സ്കൂൾ) |

മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനാൽ പ്രവൃത്തിദിനങ്ങളിൽ സുസജ്ജമായ കമ്പ്യൂട്ടർ ലാബുള്ള സ്കൂളുകൾ ലഭ്യമല്ലാത്തതിനാലാണ് 08-06-2019 രണ്ടാം ശനിയാഴ്ച അവധിയാണെങ്കിലും അന്ന് ഈ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്നും പരിശീലന പരിപാടിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണമെന്നും അറിയിക്കുന്നു. ഇതിന് കോമ്പൻസേറ്ററി ഓഫ് എടുക്കാവുന്നതാണ്.

ടി. പരിശീലനത്തിൽ പങ്കെടുക്കാൻ വരുന്ന ജീവനക്കാർ ഇന്റർനെറ്റ് സൗകര്യമുള്ള ലാപ്ടോപും 2018-19 ലെ അഞ്ച് തസ്തികനിർണയ ഉത്തരവുകളും കൊണ്ടുവരേണ്ടതാണ്. ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന ജീവനക്കാർ തന്നെ 10-06-2019 മുതൽ 14-06-2019 വരെയുള്ള തീയതികളിൽ (ആറാം സാധ്യായദിനം ഒഴികെ) ഏതെങ്കിലും സൗകര്യപ്രദമായ ഒരു ദിനം അവരുടെ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബന്ധപ്പെട്ട ജീവനക്കാർക്കും ഡി.ഇ.ഒ യിലെ മറ്റു ജീവനക്കാർക്കും പരിശീലനം നൽകേണ്ടതാണ്. ജില്ലയിലെ കൈറ്റ് മാസ്റ്റർ ട്രെയിനർമാരും നോഡൽ ഓഫീസർമാരും ഈ പരിശീലന പരിപാടിക്ക് നേതൃത്വം നൽകണം. കൂടാതെ എല്ലാ വിദ്യാഭ്യാസ ജില്ലയിലും ഉപജില്ലകളിലും 15-06-2019 ശനിയാഴ്ച പ്രഥമാധ്യാപകരുടെയും എസ്.ഐ.റ്റി.സി മാരുടെയും യോഗം വിളിച്ച് അവർക്കും പരിശീലനം നൽകേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് തുടർ പരിശീലനം നൽകാൻ കഴിവുള്ള ഒരാൾ തന്നെ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നുവെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരും നോഡൽ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ് :

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (കണ്ണൂർ, തിരുവനന്തപുരം പരിശീലന പരിപാടിയിലേക്ക് ബന്ധപ്പെട്ട ജില്ലകളിൽ നിന്നുള്ള ഓരോ കൈറ്റ് മാസ്റ്റർ ട്രെയിനർമാരെ നിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.)

2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

3) ജില്ലാ കോ-ഓർഡിനേറ്റർ, കൈറ്റ്, ഡി.ആർ.സി തിരുവനന്തപുരം

4) പ്രഥമാധ്യാപകൻ, സെന്റ് മൈക്കിൾസ് എ.ഐ.എച്ച്.എസ് കണ്ണൂർ

} പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.